ഉത്തരം

(എ) 1984 സെപ്റ്റംബർ ഒന്നിലെ സ്ഥിതിയനുസരിച്ച് മൽസ്യത്തൊഴിലാളി ഗ്രാമസംഘങ്ങളിലെ വോട്ടർ പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഇല്ല. നിലവിലുള്ള നിയമമനുസരിച്ച് ഓരോവർഷവും സെപ്റ്റംബർ ഒന്നാം തീയതി പുതുക്കുന്ന മൽസ്യത്തൊഴിലാളികളുടെ കരട് പട്ടിക അതാത് ഫിഷറീസ് ഓഫീസുകളിൽ പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കും പരാതികൾക്കുമായി പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതിൻമേൽ 15 ദിവസങ്ങൾക്കകം പരാതികൾ സമർപ്പിക്കേണ്ടതാണ്. ഇതിന്റെ കോപ്പികൾ ഓരോ സംഘടനയ്ക്കും വിതരണം ചെയ്താൽ നിശ്ചിത സമയപരിധിക്കുള്ളിൽ പരാതികൾ സമർപ്പിക്കുവാൻ അവസരം ലഭിക്കാതെ വരും. അതുകൊണ്ടാണ് ലിസ്റ്റ് മൽസ്യത്തൊഴിലാളി സംഘടനകൾക്ക് കൊടുക്കുവാൻ കഴിയാത്തത്.

ഇടുക്കിയിൽ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ ആഫീസ്

786 [953] ശ്രീ.കെ.കെ.തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് ഫിഷറീസ് വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

ഇടുക്കിയിൽ പുതിയതായി അനുവദിച്ച ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ ആഫീസ് പീരുമേട് താലൂക്കിൽ പെട്ട കുമളിയിൽ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ആവശ്യമായ നിർദ്ദേശം ഫിഷറീസ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

കായലോര മൽസ്യത്തൊഴിലാളി ഗ്രാമസംഘങ്ങൾ

787 [954] ശ്രീ.വി.കെ.രാജൻ:
,, കെ.വി.സുരേന്ദ്രനാഥ്:
,, കെ.വി.കുണാരൻ:
,, കാനം രാജേന്ദ്രൻ:
ശ്രീമതി.ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കായലോര മൽസ്യത്തൊഴിലാളി ഗ്രാമസംഘങ്ങൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയെണ്ണം;

(സി) അവയുടെ ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly